# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

**VOLUME - 5** **Reg NO.TNBIL/2016/70171** **ISSUE - 1**

**JANUARY - 2021 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**


**0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com**

Mob.: No. **9894261333 This No. is for SMS Purpose only**




കർത്താവിൻ പ്രിയരെ നിങ്ങൾക്കെല്ലാവർക്കും പുതുവത്സര ആശംസകൾ. കഴിഞ്ഞ വർഷം മുഴുവനും വഴിനടത്തിയ ദൈവം തന്നെ നമ്മെ ഈ പുതുവർഷത്തിലും വഴി നടത്തും. അവൻ മരണമില്ലാത്തവനാകുന്നു. ദൈവത്തിന് സ്തോത്രം.

സ്നേഹം നിറഞ്ഞ വായനക്കാർക്ക്,

കഴിഞ്ഞ 2020–ാം വർഷം നിങ്ങളിൽ പലർ പല പ്രശ്നങ്ങളിലൂടെ കടന്നു വന്നിരിക്കും. അത് നിങ്ങളുടെ ആത്മീയ ജീവിതത്തേയും ബാധിച്ചിരിക്കും എന്നു ഞാൻ കരുതുന്നു. മനസ്സ് തളർന്ന് പോകരുത്. നാം ആരാധിക്കുന്ന ദൈവം ജീവിക്കുന്നവനും അണ്ഡചരാചരങ്ങളെ ഉണ്ടാക്കിയ സർവ്വശക്തിയുള്ളവനും ആകുന്നു. അവൻ നിങ്ങളുടെ പ്രശ്നങ്ങൾ എന്തുതന്നെ ആയിരുന്നാലും അതിൽ നിന്നും നിങ്ങളെ വിടുവിക്കാനും നിങ്ങളെ കാത്തുസൂക്ഷിക്കാനും ശക്തനാണ്. നിങ്ങളുടെ ദുഃഖങ്ങൾക്കും, നിങ്ങളുടെ പ്രശ്നങ്ങൾക്കും തീർച്ചയായും ഒരു അവ

സാനമുണ്ട്. നിങ്ങളോട് ചേർന്ന് ഞാനും നിങ്ങൾക്ക് വേണ്ടി തുടർന്നു പ്രാർത്ഥിക്കുന്നു.

- നിങ്ങൾ കത്തുകൾ വഴിയായും, ഇ-മെയിൽ വഴിയായും ഫോണിൽകൂടെ ബന്ധപ്പെട്ടും എന്നെ അറിയിച്ച എല്ലാ പ്രാർത്ഥന വിഷയങ്ങളും ഞാൻ എഴുതിവച്ച് പ്രാർത്ഥിക്കുന്നു. നേരത്തെ മാസത്തിന് 2പ്രാവശ്യം അഥവാ മൂന്നു പ്രാവശ്യം നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പുകൾക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചിരുന്നു. ഇപ്പോൾ കൊറോണ കൃമി ചെയ്ത നന്മയാൽ കഴിഞ്ഞ ഒരു വർഷമായി 24 മണിനേരവും പുറത്തെവിടേയും പോകാതെ ഞാൻ വീട്ടിൽ തന്നെ ഇരിക്കുന്നതുകൊണ്ട് രാത്രയിലും പകലും തിരക്കില്ലാതെ ഒരോ പ്രാർത്ഥനാ വിഷയങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുവാൻ സാധിക്കുന്നു. കത്തെഴുതിയവർക്ക് കത്തുകൾ മൂലവും, ഫോൺ നമ്പർ എഴുതിയയച്ചവർക്ക് ഫോൺ വഴിയായും ആലോചനകൾ പറഞ്ഞ് ഫോണിൽ കൂടെ തന്നെ പ്രാർത്ഥിക്കുന്നത് വളരെ അനുഗ്രഹമായിരുന്നു. ദൈവ വേലയ്ക്കുവേണ്ടി പണം അയച്ചവർക്കും ഫോൺ വഴിതന്നെ അവരുടെ കുടുംബവിവരങ്ങൾ പറഞ്ഞ് ആത്മീക ജീവിതം എപ്രകാരം ഇരിക്കുന്നു എന്ന് അന്വേഷിച്ച് അറിയുന്നതിലും അതിനായിട്ടുള്ള മറുപടിയും ആലോചനയും വചനാടിസ്ഥാനത്തിൽ അവർക്ക് പറഞ്ഞുകൊടുക്കുന്നത് അവർക്കും പ്രാർത്ഥിച്ച എനിക്കും ഒരു ആത്മതൃപ്തി ഉണ്ടാക്കുന്നു. ഞാൻ ഇനിയും 6 മാസങ്ങൾ വെളിയിൽ എവിടെയും യാത്ര ചെയ്യാൻ പാടില്ല. ട്രെനിൽ എസി കോച്ചിലോ, എസി ബസിലോ യാത്ര ചെയ്യാൻ പാടില്ല എന്ന് നിർദ്ദേശമുണ്ട്. അതുകൊണ്ട് വീട്ടിൽ വെറുതെ ഇരുന്നാലും പ്രാർത്ഥന ദൈവ വേല, മാസികയ്ക്ക് വേണ്ടി പ്രസംഗങ്ങൾ എഴുതുന്ന വേല, ബൈബിളിൽ നിന്നും സംശയങ്ങൾ ചോദിക്കുന്നവർക്ക് വചനങ്ങൾ ചൂണ്ടി കാണിച്ച് ഫോൺവഴിയായി തന്നെ പ്രാർത്ഥിക്കുന്ന ദൈവവേല എല്ലാം ചെയ്യാൻ സാധിക്കുന്നു. സഭാ കൺവെൻഷനുവേണ്ടി വെളിയിൽ പോകാൻ സാധിക്കാതെ പോയാലും, ഗ്രാമ സുവിശേഷവേലയ്ക്ക് പോകാൻ സാധിയ്ക്കാതെ പോയാലും നിങ്ങളോട് ഫോൺ വഴിയായി സംസാരിക്കുന്നതും

പ്രാർത്ഥിക്കുന്നതും നേരത്തെ ചെയ്ത ദൈവവേലയിൽ എനിക്ക് കിട്ടിയ അതേ സംതൃപ്തി എനിക്ക് നല്കുന്നു. നിങ്ങളെ എല്ലാവരെയും നേരിട്ടു കാണാൻ എനിക്ക് ആഗ്രഹമുണ്ട്. വീടു സന്ദർശനത്തിനായി നിങ്ങളുടെ വീടുകളിൽ വരുവാനും എനിക്ക് ആഗ്രഹമുണ്ട്. ഈ കൊറോണാ കൃമി യുടെ കാലം അവസാനിക്കുമ്പോൾ ഞാൻ വരും. അതിന് എനിക്ക് ദൈവം ആയുസ്സും, അവസരവും നല്കുമാറാകട്ടെ.

☐ ഈ പുതിയ വർഷത്തിൽ നിങ്ങളുടെ കുടുംബത്തിൽ വലിയ ആത്മീയ സന്തോഷം ഉണ്ടാകുമാറാകട്ടെ. സങ്കീർത്തനക്കാരൻ **കർത്താവേ നീ ഞങ്ങളെ ക്ലേശിപ്പിച്ച ദിവസങ്ങൾക്കും ഞങ്ങൾ അനർഥം അനുഭവിച്ച സംവത്സരങ്ങൾക്കും തക്കവണ്ണം ഞങ്ങളെ സന്തോഷിപ്പിക്കേണമേ** (സങ്കി: 90:15) എന്ന് കേണപേക്ഷിക്കുന്നു. എന്റെ സ്നേഹം നിറഞ്ഞ വായ ക്കാരെ; നാം ഈ ലോകത്തിൽ ജീവിക്കുന്ന കാലമെല്ലാം പലവിധ പുതിയ പ്രശ്നങ്ങൾ വന്നുവന്നു പോകുന്നു. ഒരു കൊറോണ ബാധപോയാൽ അതേ കൊറോണാ മറ്റൊരു പുതിയ രൂപമെടുത്ത് മുമ്പുണ്ടായിരുന്നതി നെക്കാൾ ശക്തിയായി വ്യാപിച്ച് ജനങ്ങളെ വേദനിപ്പിക്കുന്നു. ഇങ്ങനെ യുള്ള സാഹചര്യത്തിൽ നാം മാനസാന്തരപ്പെട്ട് ഉപവസിച്ച് പ്രാർത്ഥിച്ച് ദൈവത്തിന്റെ മനസ്സലിവ് നേടിയെടുക്കണം.

## ONLINE BANKING (NEFT)

**Dr. M.G.E. PUSHPARAJ**, **SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842**
SWIFT CODE - SBININBB637- 10764116842
IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.

# ചോദ്യവും – ഉത്തരവും

**ചോദ്യം :–**

സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും യോഹ:8:32. ഈ വാക്കനുസരിച്ച് വചനം പറഞ്ഞ് ഞാൻ പ്രാർത്ഥിച്ചിട്ടും ഒരു മാറ്റവും ഉണ്ടായിട്ടില്ലല്ലോ?

**മറുപടി :–**

യോഹ:8:32–ാം വചനം നിങ്ങൾ വീണ്ടും വായിക്കണം അതിൽ ആദ്യത്തെ വാക്ക് **സത്യം അറികയും** അതിന് ശേഷമാണ് **സത്യം നിങ്ങളെ സ്വതന്ത്രരാക്കുന്നത്**. പക്ഷെ നിങ്ങൾ സത്യത്തെയും, വചനത്തെയും ശരിയായി മനസ്സിലാക്കാതെ, വചനത്തോട് അനുസരണം കാണിയ്ക്കാതെ, വിടുവിയ്ക്കണം എന്നുമാത്രം നിങ്ങൾ പറഞ്ഞാൽ തീർച്ചയായും നിങ്ങൾക്ക് മറുപടി ലഭിക്കുകയില്ല. ഒരു വാക്കിനെ മാത്രം മുറുകെ പിടിച്ചുകൊണ്ട് വചനം മുഴുവനും വായിച്ച് മനസിലാക്കാത്തതുകൊണ്ടാണ് നിങ്ങൾക്ക് മറുപടി ലഭിക്കാതെ പോയത്. യാക്കോ:5:16–ൽ നിങ്ങളുടെ രോഗം സൗഖ്യമാകേണ്ടതിന് തമ്മിൽ പാപങ്ങളെ  ഏറ്റു പറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിക്കാൻ തക്കവണ്ണം അവരോട് നിരപ്പാകേണം. ആ സഭക്കാർ രക്ഷിക്കപ്പെട്ടവർതന്നെ, സ്നാനമേറ്റവരാണ്. പക്ഷെ ഏതോ ചില പാപങ്ങൾ അവർ ഉപേക്ഷിച്ചില്ല. ആരോടോ ചില വർഷങ്ങൾ പിണക്കത്തോടെ ഇരുന്നതുകൊ


ണ്ടാണ് അവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ അവർക്ക് കഴിയാതിരുന്നത്. ഇതൊക്കെ ദൈവത്തിന്റെ നിബന്ധനകളാണ്. വചനത്തെ അനുസരിക്കാതിരുന്നാൽ സൗഖ്യം തീർച്ചയായും ലഭിക്കില്ല. സങ്കീ:107:20–ൽ **അവൻ തന്റെ വചനമയച്ച് അവനെ സൗഖ്യമാക്കി.** വചനമാണ് പ്രധാനം. **എന്റെ വചനത്തിന് മുമ്പിൽ വിറക്കുന്നവനെ ഞാൻ നോക്കും.** യോഹ:15:7 എന്റെ വചനം നിങ്ങളിലും, നിങ്ങൾ എന്നിലും വസിച്ചാൽ നിങ്ങൾ യാചിക്കുന്നതൊക്കെയും നിങ്ങൾക്ക് ലഭിക്കും. ഇങ്ങനെ വേദപുസ്തകം പറയുന്ന നിബന്ധനകളെ മനസിലാക്കാതെ സത്യം നിങ്ങളെ വിടുവിക്കില്ല.

**ചോദ്യം :-**

എന്റെ ഭർത്താവ് മാർത്തോമാ സഭാ അംഗമാണ്. എന്റെ കുടുംബം CSI–യിൽ ചേർന്നവരാണ്. കല്യാണം കഴിഞ്ഞതിന് ശേഷം ഭർത്താവിനോട് കൂടെ മാർത്തോമാ സഭയിലാണ് ഞാൻ പോകുന്നത്. കഴിഞ്ഞ ചില മാസ ങ്ങൾക്കുമുമ്പ് മാർത്തോമാ സഭയുടെ പരമാദ്ധ്യക്ഷനായ മെത്രാപൊലീത്ത അവർകൾ മരിച്ചു. അദ്ദേഹത്തിന്റെ ശവസംസ്ക്കാരത്തെ ഞങ്ങൾ മൊബൈ ലിൽ കണ്ടു. മാർത്തോമാ സഭയുടെ ചടങ്ങനുസരിച്ച് ബിഷപ്പിനെ നാല്ക്കാ ലിയിൽ ഇരുത്തി കുഴിയിലിറക്കി. ഇതിന്റെ കാരണം എന്താണെന്ന് എന്റെ ഭർത്താവിനോട് ചോദിച്ചപ്പോൾ അദ്ദേഹത്തിന് അത് അറിയില്ല. അവരുടെ മാർത്തോമാ സഭയിലെ അച്ചനോട് ഞങ്ങൾ ചോദിച്ചു. ഇത് ഓർത്തഡോക്സ്സ് സഭക്കാരുടെ സമ്പ്രദായമാണ്. മാർത്തോമ സഭ ഓർത്തഡോക്സ്സ് സഭയിൽ നിന്നും പിരിഞ്ഞുവന്നപ്പോൾ ഈ ചടങ്ങുകളേയും സമ്പ്രദായങ്ങളേയും അതു പോലെതന്നെ മാർത്തോമസഭയും പിൻതുടർന്നു. അതിൽ ധൂപകുറ്റി വീശു ന്നത്, ബിഷപ്പുമാർ വിവാഹം ചെയ്യാത്തത് പഴയ നിയമ കാലത്തിലെ പുരോഹിതൻമാരുടെ കുപ്പായം പോലെതന്നെ ഇവരും ഉടുത്തി രിക്കുന്നത് ഇതെല്ലാം ഉണ്ട്, ഇതിൽ തെറ്റില്ല എന്ന് അച്ചൻ മറുപടി പറഞ്ഞു. ഇതിനെ കുറിച്ച് ഡോക്ടറുടെ അഭിപ്രായം എന്താണ്?

**മറുപടി :-**

തിരുമേനിയുടെ അടക്കത്തെക്കുറിച്ച് വേദവചന അടിസ്ഥാനത്തിൽ ആത്മീയ അർത്ഥം നിങ്ങൾ ചോദിക്കും എന്നുകരുതിയാണ് നിങ്ങളുടെ അച്ചൻ ശരിയായ അർത്ഥമുള്ള മറുപടി കൊടുക്കാൻ തുനിയാതിരുന്നത്. മാർത്തോമാസഭ ഇന്നും പഴയ നിയമ സഭയായിട്ടു തന്നെയാണിരിക്കുന്നത്. അവർ തങ്ങളുടെ പാരമ്പര്യത്തിൽ നിന്നും, സമ്പ്രദായത്തിൽ നിന്നും മാറി പുതിയ നിയമസഭാ ഉപദേശത്തിലേയ്ക്ക് കടന്നുവരാൻ ഇഷ്ടപ്പെടുന്നില്ല. പൊതുവായി മാർത്തോമാ അച്ചന്മാർ ബൈബിൾ കോളേജിൽ പഠിക്കുമ്പോൾ തന്നെ ഇതുപോലെയുള്ള ചടങ്ങുകൾ, സമ്പ്രദായങ്ങൾ ഇവയെക്കുറിച്ച് തമ്മിൽ തമ്മിൽ സംസാരിച്ചിരിക്കും. തിരുമേനിമാരെ നാല്ക്കാലിയിൽ വച്ച് കുഴിയിലിറക്കുന്നതിനെക്കുറിച്ചും അവർ സംഭാഷണം നടത്തിയിരിക്കും. ഇതിൽ രക്ഷിക്കപ്പെട്ട അച്ചന്മാർ പുതിയ നിയമത്തിലില്ലാത്ത ചടങ്ങാണ് ഇത്, ആവശ്യമില്ലാത്ത സമ്പ്രദായമാണ് എന്ന് മനസ്സിലായാലും ഇതിൽ നിന്ന് വെളിയിൽ വരാൻ കഴിയാതെ കഷ്ടപ്പെടുന്നു. പക്ഷെ മാർത്തോമ സഭയിൽ രക്ഷിക്കപ്പെട്ട ധാരാളം കുടുംബങ്ങളെ എനിക്കറിയാം. അവർ മാർത്തോമാ സഭയെ വിട്ടുമാറാതെയും ഇങ്ങനെയുള്ള അന്ധവിശ്വസങ്ങളെ കൈക്കൊള്ളാതെയും ഇങ്ങനെയുള്ള ആരാധനകളിൽ പങ്കെടുക്കാതെയും തങ്ങളുടെ ആത്മാവിനെ സൂക്ഷിച്ചുകൊണ്ട് വചന അടിസ്ഥാനത്തിൽ സാക്ഷ്യത്തോടെ ജീവിക്കുന്നു. അവരിൽ



ധാരാളം പേർ മാർത്തോമാ സഭയിൽ ഇരുന്നുകൊണ്ടേ സുവിശേഷവേല ചെയ്തു വീട്ടു പ്രാർത്ഥനാകുട്ടങ്ങളെ നടത്തിജീവിക്കുന്നു. അങ്ങനെയുള്ള കുടുംബത്തിൽ നിന്നാണ് ഈ ചോദ്യത്തെ ജാമക്കാരനോട് ചോദിച്ച് എഴുതിയിരിക്കുന്നത്.

മാർത്തോമാ സഭാ ബിഷപ്പ് മരിച്ചുപോയാൽ ശവത്തെ കിടത്താതെയും ശവപെട്ടിയിൽ വയ്ക്കാതെയും ചിത്രത്തിൽ കാണു ന്നതുപോലെ നാല്ക്കാലിയിലിരുത്തി കുഴിയിൽ ഇറക്കുന്നു.

- ഇങ്ങനെയുള്ള ചടങ്ങുകൾ ബാബിലോണ്യ രാജ്യങ്ങളിൽ ഉണ്ട്. രാജാക്കന്മാർ മരിച്ചുപോയാൽ അവരെ ഇരുത്തി കുഴിയിൽ മാത്രമേ വെയ്ക്കാറുള്ളു. മിസ്രയീമിലും (ഈജിപ്റ്റ്) ഈ സമ്പ്രദായം ഉണ്ടായിരുന്നു. അതു മാത്രമല്ല. മരിച്ചവർക്ക് എന്തെല്ലാം ഇഷ്ടമായിരുന്നോ ആ സാധനങ്ങളേയും ശവത്തോടുകൂടെ വച്ച് അടക്കം ചെയ്യുന്നു. നമ്മുടെ ഇന്ത്യയിൽ ഉള്ള ദ്രാവിഡ ആദിവാസികളുടെ ഇടയിലും ഇങ്ങനെയുള്ള ചടങ്ങുകൾ ഉണ്ട്. നമ്മുടെ ഇന്ത്യയിൽ അസ്സാം, അരുണാചൽപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിലുള്ള ആദിവാസികൾ തങ്ങളുടെ ഗോത്ര തലവന്മാർ മരിച്ചുപോയാൽ ഇരുത്തിയാണ് അടക്കം ചെയ്യുന്നത്. ഇതാണ് (മൂഢ ഭക്തി) അന്ധവിശ്വാസം എന്നു പറയുന്നത്.

## മൂഢ ഭക്തി (അന്ധവിശ്വാസം)

ഇന്ത്യയിൽ നീലഗിരിക്കാടുകളിൽ (വനം) ജീവിക്കുന്ന **ബഢുഗാസ്, മുതുവാസ്** ഇങ്ങനെയുള്ള ആദിവാസികൾ വർഷത്തിൽ ഒരുപ്രാവശ്യം അവരുടെ ഗോത്ര തലവന്മാരുടെ അടുക്കൽ അനുഗ്രഹം വാങ്ങാൻ വരും. ആ തലവൻ ഉയരമുള്ള സ്ഥലത്ത് ഇരുന്നുകൊണ്ട് തന്റെ വലതുകാൽ ജനങ്ങളുടെ തലമേൽ വച്ച് അനുഗ്രഹിക്കും. വർഷത്തിൽ ഒരുപ്രാവശ്യം നടക്കുന്ന ഈ സമ്പ്രദായം ഇപ്പോഴും തുടരുന്നുണ്ട്.

മാർത്തോമാ സഭാ ബിഷപ്പുമാരും ആദിവാസികളെപോലെ തന്നെ ആദ്യ കാലത്തുള്ള ബാബിലോണ്യ നേതാക്കളെപോലെ പാരമ്പര്യ സംസ്ക്കാര ചട ങ്ങുകളെ വിടാതെ മുറുകെ പിടിച്ചുകൊണ്ട് മൂഢഭക്തി വിടാതെ ക്രിസ്ത്യാനി എന്നുള്ള പേരും വച്ചുകൊണ്ട് ഇങ്ങനെയുള്ള സമ്പ്രദായ ചടങ്ങുകളെ ചെയ്യു കയാണെങ്കിൽ ആ ചടങ്ങുകൾ ക്രിസ്തുവിന്റെ മനസ്സിനെ എത്രയധികം വേദ നിപ്പിക്കും. ഈ വേദ വചനങ്ങളെ അറിയുന്ന ഇവർ ഇത് തുടരുന്നത് തന്നെ മനോവേദനയുണ്ടാക്കുന്നു. ഇതിന്റെ പേരാണ് മൂഢഭക്തി (അന്ധവിശ്വാസം).

ഇന്ത്യയിൽ ഹൈന്ദവ മതത്തിലുള്ളവർ ആരാധിക്കുന്ന ദൈവങ്ങളുടെ പ്രതിമയെ കാണുമ്പോൾ അവർ എത്ര പഠിച്ചവരാണെങ്കിലും അതിനെക്കു റിച്ച് ചോദ്യവും, സംശയവും ഉണ്ടാകില്ല. ആ വിഗ്രഹത്തിന്റെ രൂപങ്ങൾ കാണു മ്പോൾ തന്നെ അവരുടെ കുഞ്ഞുങ്ങൾ പോലും ഭയന്ന് ക്ഷേത്രത്തിനുള്ളിൽ പ്രവേശിക്കാൻ മടിക്കുന്നു. ഇതിനെക്കുറിച്ച് കുഞ്ഞുങ്ങൾ എന്തെങ്കിലും ചോദിച്ചാൽ അത് ദൈവത്തിന് നിരക്കാത്ത കുറ്റമാണെന്ന് ഒരു ഡോക്ടർ പറഞ്ഞത് ഞാൻ കേട്ടു. പഠിപ്പും, വിജ്ഞാനവും മുന്നേറിയ ഈ കാലഘട്ട ത്തിൽ വലിയ പഠിത്തമുള്ള ഇവരെല്ലാം താൻ ആരാധിക്കുന്ന സംസാരിക്കാത്ത ആ വിഗ്രഹം ദൈവമെന്ന് വിശ്വസിക്കുമ്പോൾ ജീവനുള്ള ദൈവം, സംസാരി ക്കുന്ന ദൈവം, കാണുന്ന ദൈവം, ഉള്ളത്തെയും ചിന്തകളെയും അറിയുന്ന നമ്മുടെ യേശു ദൈവത്തെ ആരാധിക്കുന്ന മാർത്തോമാ സഭയെ പോലുള്ള ക്രിസ്തീയ സഭകളുടെ ബിഷപ്പുമാർ, അച്ചന്മാർ, മണ്ഡല കമ്മറ്റി യിലുള്ള ഒരാളെങ്കിലും ഇങ്ങനെയുള്ള ശവസംസ്ക്കാരം അന്ധവിശ്വസം എന്നും, നമ്മുടെ കർത്താവ് അതു വെറുക്കുന്നു എന്നും ഇത് വേദപുസ്തക ത്തിലില്ലാത്ത ജാതികളുടെ ചടങ്ങ് എന്നും തോന്നിയില്ലല്ലോ! ഇതിനെക്കു റിച്ച് ചിന്തിക്കാൻ പോലും ഇവർക്ക് കഴിഞ്ഞില്ലല്ലോ!

ഈ സഭക്കാരുടെ പിൻവരുന്ന സന്തതികളും, കമ്പ്യൂട്ടർ യുഗത്തിൽ ജീവിക്കുന്ന നമ്മുടെ മക്കളും ഇതിനെക്കുറിച്ച് ചോദിച്ചാൽ എന്തുമറുപടി പറയും? ഞാൻ മാർത്തോമാ സഭയിലുള്ള ജനങ്ങളെ അപമാ

നപ്പെടുത്താനല്ല ഇത് എഴുതിയത്. മാർട്ടിൻ ലൂഥറിന്റെ വഴിയിൽ വന്ന ക്രിസ്ത്യാനിയാണ് ഞാൻ എന്ന് ഇവരെകൊണ്ട് പറയാൻ കഴിയുമോ?

ഈ സഭാവിശ്വാസികൾ സുവിശേഷ വേല ചെയ്ത് ക്രിസ്തുവിനെ സ്വീകരിച്ച മക്കൾ ആരാധിക്കുവാൻ ഏത് സഭക്ക് അയക്കും? തങ്ങളുടെ മാർത്തോമാ സഭക്ക് അവരെ കൂട്ടികൊണ്ട് പോകാൻ സാധിക്കുമോ? മാർത്തോമാ സഭക്കാർ ദയവായി ഇതിനെക്കുറിച്ച് ചിന്തിക്കണം. നമ്മുടെ കർത്താവ് ന്യായവിധി ദിവസങ്ങളിൽ കണക്ക് ചോദിക്കും. അപ്പോൾ എന്തു മറുപടി പറയും?

- തമിഴ് നാട്ടുക്കാരനായ ഡോക്ടർ പുഷ്പരാജ് ആയ എന്നെ 1966–ാം വർഷം കേരളത്തിലുള്ള ജനങ്ങളുടെ ഇടയിൽ പരിചയപ്പെടുത്തിയത് മാർത്തോമാ സഭയാണ്. തോമസ് തിരുമേനിയാണ് എന്റെ പ്രസംഗ കാസറ്റ് പല അച്ചന്മാരുടെ കൈയ്യിൽ ഏല്പിച്ച് ഇതിൽ പ്രസംഗിക്കുന്ന ഡോക്ടറെ നിങ്ങൾ കൺവെഷനിലേക്ക് ക്ഷണിക്കണം എന്ന് പറഞ്ഞ തിരുമേനി അവർകൾക്ക് ഞാൻ ഇപ്പോഴും നന്ദിയുള്ളവനായിരിക്കുന്നു. കേരളത്തിൽ ഞാൻ പോകാത്ത സ്ഥലമില്ല. പ്രസംഗിക്കാത്ത സ്ഥലമില്ല. ഇന്ത്യയിലും, വിദേശത്തും എല്ലാ മലയാളികളും എന്നെ ഉപയോഗിക്കാൻ തുടങ്ങി. അതുകൊണ്ടാണ് ഞാൻ മാർത്തോമ സഭയിലെ വിശ്വാസികൾക്ക് നന്ദിയുള്ളവനായി ഇതിനെക്കുറിച്ച് എഴുതുന്നത്. മാർത്തോമാ സഭാ വിശ്വാസികളെ ശരിയായിട്ടുള്ള വചനത്തിലേക്ക് വഴി നടത്തുവാനും അവർക്ക് ആവശ്യമായ ആലോചന പറയാനും എനിയ്ക്ക് അവകാശമുണ്ട്. അതുകൊണ്ട് ഇന്നുവരെ മാർത്തോമാ സഭാ വിശ്വാസികൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എന്റെ ദൈവവേലയെ പണ സഹായത്താൽ തുടർന്ന് താങ്ങി വരുന്നു. ഇങ്ങനെയുള്ള നല്ല സഭ മൂഢഭക്തിയിൽ നിന്നും മാറി ശരിയായ വിശ്വാസത്തിലേയ്ക്ക് വരണം എന്നുള്ള ആഗ്രഹത്തിലാണ് കൂടെക്കൂടെ ജാമക്കാരൻ മാസിക വഴിയായി എഴുതുന്നത്. ബിഷപ്പുമാരുടെ ശവസം

സ്ക്കാരത്തിൽ നല്ക്കാലിയിൽ ഇരുത്തി അടക്കം ചെയ്യുന്ന അർത്ഥമില്ലാത്ത ചടങ്ങുകൾ നീക്കുവാൻ നിങ്ങൾ തന്നെ തീരുമാനം എടുക്കണം.

- ☐ വേദവചന പ്രകാരം വലിയ തിരമേനിയെയോ ചെറിയ ബിഷപ്പുമാരെയോ നാല്ക്കാലിയിൽ വച്ച് അടക്കം ചെയ്താലും കിടത്തി അടക്കം ചെയ്താലും, അടക്കം ചെയ്ത കുഴിയിൽ ഉപ്പിട്ടാലും ഉപ്പിട്ടില്ലെങ്കിലും ഇവർ മാനസാന്തരപ്പെടാതെ, യേശുവിന്റെ രക്തം കൊണ്ട് കഴുകപ്പെടാതെ, രക്ഷിയ്ക്കപ്പെടാതെ മരിച്ചുപോയാൽ ഇവരെ നിങ്ങൾ ഏതു വിധത്തിൽ അടക്കം ചെയ്താലും ഇവരാരും സ്വർഗ്ഗത്തിൽ പോകില്ല എന്ന് നിങ്ങൾ മനസ്സിലാക്കണം.

**ഒരുവൻ വീണ്ടും ജനിക്കാതിരുന്നാൽ അവൻ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല** എന്ന് യോഹ:3:3–ൽ യേശുക്രിസ്തു പറഞ്ഞിരിക്കുന്നു.

**വ്യർത്ഥവും, പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെ കൊണ്ടല്ല ക്രിസ്തു എന്ന നിർദോ ഷവും, നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ** (പത്രോ :1:18,19) എന്ന് എഴുതിയിരിക്കുന്നു.

മാർട്ടിൻ ലൂഥറിന്റെ കാലത്തുണ്ടായ ആത്മീയ വിപ്ലവം മാർത്തോമാ സഭയിൽ വീണ്ടും ഉണ്ടായാൽ മാത്രമേ ഇങ്ങനെ ആവശ്യമില്ലാത്ത ചടങ്ങാചരങ്ങൾ, മൂഢഭക്തികൾ മാറി സഭയിൽ വലിയ ആത്മീയ മാറ്റം ഉണ്ടാനും സഭാജനങ്ങളും, തിരുമേനിമാരും, അച്ചൻമാരും ക്രിസ്തുവിന്റെവരവിനായി തങ്ങളെ തന്നെ ഒരുക്കാൻ സാധിക്കും.

ഇങ്ങനെയുള്ള ആത്മീയ വിപ്ലവം മാർത്തോമാസഭയിൽ ഉണ്ടാകാതെ എത്ര വർഷങ്ങൾ മാരമൺ കൺവെൻഷൻ തുടർന്ന് നടത്തിയാലും എത്ര വലിയ പ്രാസംഗികന്മാരെ പ്രസംഗിയ്ക്കാൻ ഏർപ്പാട് ചെയ്താലും യേശുക്രിസ്തുവിന്റെ രണ്ടാം വരവിൽ ഇവരെല്ലാം കൈവിട

പ്പെടും. മാർത്തോമാ സഭാ ജനങ്ങൾ തങ്ങളുടെ പ്രാർത്ഥനാ യോഗങ്ങളിൽ കൂടി പ്രാർത്ഥിച്ച് ഇങ്ങനെയുള്ള മാറ്റങ്ങൾ സഭയിലെ തിരുമേനിമാരുടെ ഇട യിലും, അച്ചന്മാരുടെ ഇടയിലും, മണ്ഡലത്തിലും ഉണ്ടാകണമെന്ന് പ്രാർത്ഥി ക്കാൻ ആരംഭിക്കണം. ദൈവം മാർത്തോമാ സഭയേയും വിശ്വാസികളേയും അനുഗ്രഹിക്കുമാറാകട്ടെ.

യേശുവിളിക്കുന്നു എന്ന സ്ഥാപനത്തിന്റെ ഡയറക്റ്ററായ ഡോ. പോൾ ദിനകരന്റെ വീട്ടിൽ ഇൻകം ടാക്സ് അധികാരികളും, വിദേശ പണങ്ങളെ കൈകാര്യം ചെയ്യുന്ന അധികാരികളും പരിശോധന നടത്തി 5 കിലോ സ്വർണ്ണം, കണക്കിൽപെടാത്ത 126 കോടി രൂപയും പിടിച്ചെടുത്തു.

**ചോദ്യം :-**

യേശുവിളിക്കുന്നു എന്ന സ്ഥാപനത്തിന്റെ നേതാവായ പോൾദിനകരന്റെ ദൈവവേലയിൽ വലിയ വീഴ്ചയുണ്ടായി. രാഷ്ട്രീയക്കാരുടെ വീട്ടിൽ നടക്കുന്ന അടിയന്തര റെയ്ഡ് പോലെ ഇദ്ദേഹത്തിന്റെ വീട്ടിലും നടത്തപ്പെട്ടു. അതിൽ 125 കോടിയും കൈപറ്റി 5 കിലോ സ്വർണ്ണം കണ്ടുപിടിയ്ക്കപ്പെട്ടതായി വാർത്തകൾ തീയായി ടിവിയിലും, ദിനപത്രത്തിലും വിദേശ ടിവി ചാനലുകളിലും ഓരോ ദിവസവും പ്രധാന വാർത്തയായി വന്നുകൊണ്ടിരിക്കുന്നു. ധാരാളം പണം ദൈവവേലയ്ക്ക് വേണ്ടി ഞങ്ങളെപോലുള്ള വ്യാപാരികൾ വാരികൊടുത്തിരുന്നു. എന്നാൽ വന്ന വാർത്തകൾ ഞങ്ങളിൽ വളരെ ഞെട്ടലുണ്ടാക്കി. ഇന്ത്യയിലുള്ള ലക്ഷ



**Bro. D.G.S. Dhinakaran**



**Bro. Paul Dhinakaran**

ക്കണക്കായിട്ടുള്ള ജനങ്ങളെ ക്രിസ്തുവിലേയ്ക്ക് വഴി നടത്തിയ ദൈവദാസനായ സഹോദരൻ DGS ദിനകരന്റെ കുടുംബത്തിന് ഇങ്ങനെ ഒരു അപമാനം സംഭവിക്കാൻ ദൈവം എന്തിനാണ് അനുവദിച്ചത്? ഡോ. പോൾ ദിനകരന്റെ പിതാവ് DGS ദിനകരൻ ഉണ്ടായിരുന്നാൽ ഇങ്ങനെ ഒരു വലിയ അപമാനം സംഭവിക്കുമായിരുന്നോ? ഇതുപോലെയുള്ള ചോദ്യങ്ങൾ ചോദിച്ച് ധാരാളം പേർ എനിക്ക് കത്തുകൾ എഴുതികൊണ്ടിരിക്കുന്നു.

**ഉത്തരം :-**

യേശു വിളിക്കുന്നു എന്ന സ്ഥാപനത്തിന് സംഭവിച്ച ഈ പണവെട്ടിപ്പ് അപമാനത്തിന് ആരംഭകാരണം തന്നെ സഹോ: DGS ദിനകരൻ ആണ്. ഈ വിവരം വായനക്കാർക്ക് അറിയണമെങ്കിൽ സഹോ: ദിനകരന്റെ ആരംഭകഥ അറിഞ്ഞാൽ മാത്രമേ സാധ്യമാകൂ. സഹോ:ദിനകരന്റെ ദൈവവേലയുടെ ആരംഭം മുതൽ തന്നെ അദ്ദേഹത്തോട് കൂടുതൽ സൗഹൃദത്തിൽ ഇരുന്ന എനിക്ക് മാത്രമേ അദ്ദേഹത്തിന്റെ വേലയുടെ ആഴമായ വിവരങ്ങൾ അറിയുകയുള്ളു. ഞങ്ങൾ രണ്ടുപേരും ഒന്നായി ചിലവർഷങ്ങൾ ദൈവവേല ചെയ്തു. ഒരേ മുറിയിൽ കിടന്നുറങ്ങി. തമിഴ്നാട് ഗവൺമെന്റ് ബസ്സിൽ യാത്ര ചെയ്തു പല സ്ഥലങ്ങളിൽ വേല ചെയ്തവരാണ്.



അദ്ദേഹത്തിന്റെ ആദ്യകാല പ്രാർത്ഥന ജീവിതം വചനധ്യാനം അദ്ദേഹത്തിന്റെ യഥാർത്ഥ ദൈവവേലയെ കുറിച്ച് അറിഞ്ഞവനും ഞാൻ തന്നെയാണ്. അതുപോലെ തന്നെ അദ്ദേഹം ദൈവ വഴിയിൽ നിന്നും മാറി പിശാചിന്റെ വലയിൽ വീണുപോയതും വളരെ വ്യക്തമായി അറിഞ്ഞവനും ഞാൻ തന്നെയാണ്. സഹോദരൻ അവർകൾ യേശുവിനോട് സംസാരിക്കുന്ന ദൈവദാസൻ എന്നുള്ള മര്യാദകാരണം അദ്ദേഹത്തിന്റെ വഴിതെറ്റിയ ദൈവവേലയെ കുറിച്ചുള്ള വിവരങ്ങളെ ആരും ചൂണ്ടികാണിയ്ക്കാൻ ധൈര്യപ്പെട്ടില്ല.

## സഹോ. DGS ദിനകരൻ പറഞ്ഞ ആദ്യത്തെ കള്ളം

കള്ളം പറയുന്നതിന് മുമ്പ് ഇദ്ദേഹം ചെയ്ത ദൈവവേല വളരെ ശക്തിയുള്ളതും, യഥാർത്ഥത്തിലുള്ള ദൈവവേലയും ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്താൽ തൊടപ്പെട്ടവർ ധാരളം പേരുണ്ട്. ആശ്വാസം ലഭിച്ചവരും ധാരളം പേർ. ആദ്ദേഹത്തിന്റെ മകൻ പോൾ ദിനകരൻ ജനിച്ചു വളരുമ്പോഴാണ് ദിനകരന്റെ ചിന്തകൾ തന്റെ മകനുവേണ്ടി മാറി പോയത്. അദ്ദേഹത്തിന്റെ ദൈവവേലയുടെ പദ്ധതികൾ പോലും മാറിപോയി. അങ്ങനെയുള്ള സമയത്താണ്. അദ്ദേഹത്തിന്റെ ജീവിതത്തിൽ ആദ്യമായി അമേരിക്കയിൽ പോകാനുള്ള ഒരു അവസരം കൈ വന്നത്. അപ്പോൾ അദ്ദേഹത്തിന്റെ യാത്രയിൽ പരീക്ഷകനും (പിശാച്) കൂടെ യാത്ര ചെയ്തു.

അമേരിക്കയിൽ ഓറൽ റോബർട്ട് എന്നു പറയപ്പെടുന്ന രോഗ ശാന്തിവരമുള്ള ദൈവവേലക്കാരൻ നിർമ്മിച്ച കോളേജും, യൂണിവേഴ്സിറ്റിയും കാണാൻ അവസരം ലഭിച്ചു. ആ സമയത്താണ് സഹോ: DGS ദിനകരന്റെ ഉള്ളിൽ പിശാച് പ്രവേശിച്ചത്. അതിന് ശേഷം അമേരിക്കയിൽ നിന്നും കർണ്ണാടക ദേശത്തിലേയ്ക്ക് ആദ്ദേഹം യാത്ര ചെയ്തു. ആ യാത്രയുടെ ഇടയിൽ വച്ചാണ് താൻ ഇന്ത്യയിൽ ആരംഭിക്കാൻ പോകുന്ന വ്യാപാര പദ്ധതികൾ മനസ്സിൽ രൂപപ്പെട്ടത്.

- DGS ദിനകരൻ അവർകളുടെ മറ്റെല്ലാ വിവരങ്ങളേയും 1975–ാം വർഷം ജാമക്കാരൻ വായനക്കാർക്ക് എഴുതി അറിയിച്ചു. പുതിയ തലമുറകൾ ഈ വിവരങ്ങൾ അറിയാത്തതുകൊണ്ട് ഇവിടെ ഞാൻ ഈ സംഭവങ്ങളെ ചുരുക്കി എഴുതി അറിയിക്കുന്നു.

## ഇനി സംഭവിച്ച വിവരങ്ങളെ ചുരുക്കി എഴുതുന്നു.

സഹോദരൻ ദിനകരൻ കന്നടാ ദേശത്ത് വന്ന് ചേർന്ന ഉടനെ കർണ്ണാടകയിൽ താമസിക്കുന്ന നാഗർകോവിലിലുള്ള ഒരു കുടുംബ വീട്ടിലാണ് താമസിച്ചത്. ആ വീട്ടിലുള്ളവരോട് തന്റെ ഹൃദയത്തിലുണ്ടായ പുതിയ വ്യാപാര പദ്ധതിയെകുറിച്ച് പങ്കുവച്ചു.

## കാരുണ്യാ യൂണിവേഴ്സിറ്റിയെക്കുറിച്ച് പറഞ്ഞ ആദ്യ അറിയിപ്പ്

ആ കുടുംബത്തോട് സഹോദരൻ ദിനകരൻ ഇങ്ങനെ പറഞ്ഞു. അമേരിക്കയിലുള്ള ഓറൽ റോബർട്ട് യൂണിവേഴ്സിറ്റി കണ്ടതിന് ശേഷം ഇന്ത്യയിൽ പ്രത്യേകിച്ച് തമിഴ്നാട്ടിൽ അങ്ങനെ ഒരു യൂണിവേഴ്സിറ്റി തുടങ്ങിയാൽ സാധുക്കളായ കുട്ടികൾക്ക് പ്രയോജനമായിരിക്കുമല്ലോ എന്നു പറഞ്ഞു. ഇത് നല്ലപദ്ധതിയാണ്. ഉയർന്ന വിദ്യാഭ്യാസം ലഭിക്കുമെങ്കിൽ സാധുക്കളായ പല പിള്ളേർക്കും വളരെ പ്രയോജനം ചെയ്യും. ബ്രദർ അങ്ങനെ ചെയ്യുമെങ്കിൽ ഞങ്ങളും ഞങ്ങളെകൊണ്ട് കഴിയുന്ന സഹായം ബ്രദറിന് ചെയ്യാമെന്ന് അവർ ഏറ്റു. ഇതാണ് കാരുണ്യാ യൂണിവേഴ്സിറ്റി തുടങ്ങിയത്തിന്റെ ആരംഭസംഭവം

സഹോ. ദിനകരൻ ഇന്ത്യയിൽ എത്തിയതിന് ശേഷം തന്റെ **യേശുവിളിക്കുന്നു** എന്ന മാസികയിലും താൻ പ്രസംഗിക്കുന്ന ഓരോസ്ഥലത്തിലും ആരംഭിക്കാൻ പോകുന്ന കോളേജിനെക്കുറിച്ചുള്ള ഉദ്ദേശത്തെ കുറിച്ച് വിവരിച്ച് പറയാറുണ്ട്.

## സഹോ. DGS ദിനകരന്റെ വ്യാജ ദർശനം

അദ്ദേഹം ഇങ്ങനെയാണ് ആ ദർശനത്തെക്കുറിച്ച് പറഞ്ഞത്. ദിനകരനായ ഞാൻ ഒരു ദിവസം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടന്ന് രണ്ട് ദൂതന്മാർ എന്റെ മുമ്പിൽ കടന്നുവന്നു. കാരുണ്യാ കെട്ടിത്തിന്റെ ഒരു Blue print (plan) എന്നെ കാണിച്ചു. ഞാൻ അവരോട് "ഇതെന്താണെന്നു" ചോദിച്ചു. "ഇതാണ് സ്വർഗ്ഗീയ പദ്ധതിയായ കാരുണ്യാ യൂണിവേഴ്സിറ്റിയുടെ പ്ലാൻ. ഈ കോളേജിനെ നിന്നെകൊണ്ട് പണിതെടുക്കുവാൻ പോകുന്നു." എനിക്കൊന്നും മനസ്സിലായില്ല. അവരോട് ഞാൻ പറഞ്ഞു; 'എനിക്കും കോളേജിനും എന്തു ബന്ധമാണ് ഉള്ളത്. ഞാൻ യേശുവിനെ അറിയിക്കാൻ വിളിക്കപ്പെട്ടവനാണ്. ഞാൻ ഒരു സാധാരണ ബാങ്ക് ഉദ്യോഗസ്ഥനാണ്. ഇത്ര വലിയ തുകയുള്ള പ്രോജക്ടിനെ എങ്ങനെ ഞാൻ പണിതു തീർക്കും. എനിക്ക് കോളേജിനെ കുറിച്ച് ഒന്നും അറിയില്ലല്ലോ' എന്നു പറഞ്ഞു. അതിന് ആ ദൂതന്മാർ പറഞ്ഞത് ; ഈ കോളേജ് പണിയാൻ ആവശ്യമായ പണത്തെ നമ്മുടെ യേശു വിളിക്കുന്നു പങ്കാളികളെകൊണ്ട് ഞാൻ ഇത് നിറവേറ്റും ഇതാണ് ഞാൻ കണ്ട ദർശനം എന്നു പറഞ്ഞു. യേശുവിളിക്കുന്നു ആരംഭകാല സുഹൃത്തുകൾ 5 പേർ അതിലൊരാളാണ് ഞാൻ. ഞങ്ങൾ അഞ്ചുപേരേയും സഹോദരൻ DGS അവർകൾ തന്റെ വീട്ടിലേയ്ക്ക് വരുത്തി ഈ ദർശനത്തെക്കുറിച്ച് ഞങ്ങളോട് വിവരിച്ചു പറഞ്ഞു. പക്ഷേ ആദ്യം കന്നടായിൽ ആ കുടുംബക്കാരോട് പറഞ്ഞ വിവരം എനിയ്ക്ക് മാത്രമേ അറിയുകയുള്ളു. കാരണം കർണ്ണാടകയിൽ ആ കുടുംബക്കാരോട് സഹോദരൻ ദിനകരൻ ആദ്യമായി പറഞ്ഞ കോളേജ് വിവരങ്ങളെ ആ കുടുംബക്കാർ എന്നോടും പങ്കുവച്ചു. ഈ ദൂതന്മാർ ആദ്യമായി വന്നു പറഞ്ഞ ദർശനവിവരങ്ങളെ ഞാനും കേട്ടുകൊണ്ട് മൗനമായിരുന്നു. പക്ഷേ എന്റെ മനസ്സിൽ വലിയ പോരാട്ടം ഉണ്ടായി. ഈ നല്ല ദൈവ മനുഷ്യൻ ഇത്ര വലിയ കള്ളം പറയാൻ തുന്നിഞ്ഞല്ലോ! ആദ്യം ദൂതന്മാർ അറിയിച്ച പദ്ധതി എന്നു പറയുന്നല്ലോ, എന്ന് മനസ്സിൽ വലിയ വിഷമം ഉണ്ടായി.

## ആദ്യത്തെ മുന്നറിയിപ്പ്

അന്ന് ഞങ്ങൾ അഞ്ചുപേരും പ്രാർത്ഥിച്ചശേഷം ഞങ്ങളിൽ ഒരാൾ വഴിയായി ആദ്യത്തെ മുന്നറിയിപ്പ് ദൈവം അറിയിച്ചു. ഞങ്ങളിൽ ധൈര്യമായി മുഖം നോക്കി തെറ്റുകളെ ചൂണ്ടികാണിക്കുന്ന ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് സഹോ: എഡ്വേഡ് പോൾ (കൊയമ്പത്തൂർ ലക്ഷ്മി മിൽ ജോലിക്കാരൻ) അദ്ദേഹം ദിനകരനോട് ബ്രദർ ഈ പദ്ധതി യേശുവിളിക്കുന്നു എന്ന ദൈവവേലയുടെ ഭാഗമായി കാണാൻ കഴിയുന്നില്ല. നാം യേശുക്രിസ്തുവിനെ മാത്രം അറിയിക്കാൻ വേണ്ടിയാണ് ഒന്നു ചേർന്നത്. ഈ സുവിശേഷ വേലയിൽ ഏത് സഭയുടേയും ഉപദേശത്തെക്കുറിച്ച് പറയാൻ പാടില്ല. എന്നല്ലെ നാം എല്ലാവരും ചേർന്ന് തീരുമാനിച്ചത്. ബ്രദറും അതുതന്നെയാണ് എന്റെ ദർശനം എന്ന് പലവട്ടം പറഞ്ഞിട്ടുമുണ്ടല്ലോ. സുവിശേഷ വേലയോട് ബന്ധമില്ലാത്ത ഈ കോളേജ് തൊഴിലിൽ എങ്ങനെ നാം കാലെടുത്തു വയ്ക്കാൻ കഴിയും അദ്ദേഹം ഇങ്ങനെ ധൈര്യമായി പറഞ്ഞതുകൊണ്ട് ഞങ്ങൾക്കും അതേ ധൈര്യം ഉണ്ടായി. ബ്രദർ അങ്ങനെ കോളേജ് തുടങ്ങുകയാണെങ്കിൽ നാം ചെയ്യുന്ന സുവിശേഷ വേലയിൽ നിങ്ങളെ ചേർക്കില്ല. ഈ കോളേജ് പണിയുന്ന വിഷയത്തിൽ ഞങ്ങൾക്ക് യോജിപ്പില്ല. അതോടു കൂടെ സഹോദരൻ DGS ദിനകരനോടുള്ള കൂട്ടായ്മ പ്രാർത്ഥന ബന്ധത്തെ ഞങ്ങൾ നിർത്തി. ഞങ്ങൾ മാറിയതിനുശേഷം സഹോദരൻ ദിനകരന്റെ ഹൃദയം കഠിനമായി. അദ്ദേഹത്തിന് ഇത് കൂടുതൽ ധൈര്യം നൽകി. അതിനു മറ്റൊരു കാരണം ചില ബിഷപ്പുമാർ കൊടുത്ത തെറ്റായ ആലോചന അദ്ദേഹത്തെ കൂടുതൽ തുടർന്ന് തെറ്റുചെയ്യാൻ ധൈര്യ പ്പെടുത്തി. അതിൽ പ്രധാനമായ വ്യക്തി മദ്രാസ് CSI ഡയോസിസ് ബിഷപ്പായ RT.Rev സുന്ദർ ക്ലർക്ക് ആകുന്നു. ആ ബിഷപ്പ് സഹോദരനോട് ബ്രദർ കർത്താവ് ദൂതന്മാരെ നിങ്ങളുടെ അടുക്കൽ അയച്ച് Blue print (plan) ഉം കാണിച്ച് നിങ്ങൾ തന്നെ ഈ കോളേജ് പണിയണം എന്നു പറഞ്ഞത് സത്യമാണെങ്കിൽ നിങ്ങൾ അത് ചെയ്യണം. നിങ്ങളുടെ സുഹൃത്തുക്കൾ പറഞ്ഞത്

കേട്ട് നിങ്ങൾ വിഷമിക്കേണ്ട കാര്യമില്ല. ബിഷപ്പായ ഞാൻ മറ്റെല്ലാ ബിഷപ്പുമാരെയും നിങ്ങൾക്ക് പരിചയപ്പെടുത്തി. പണവിഷയത്തിൽ നിങ്ങളെ സഹായിക്കാൻ പറയാം. എന്നു പറഞ്ഞ് സഹോദരനെ ഉത്സാഹപ്പെടുത്തി.

## സഹോ. ദിനകരന് ദൈവം കൊടുത്ത മുന്നറിയിപ്പ്

സഹോദരൻ ദിനകരന്റെ മകൾ അപകടത്തിൽ മരിച്ചു. ആ സമയത്ത് സഹോ. ദിനകരന്റെ ഉള്ളിൽ ഒരുമാറ്റം ഉണ്ടായി. വീണ്ടും ബിഷപ്പ് സുന്ദർ ക്ലാർക്കിന്റെ അടുക്കൽ ചെന്ന് കാരുണ്യ കോളജിലെ CSI ഡയോസിസ് തന്നെ ചുമതല ഏറ്റ് നടത്തേണം എന്നും, ദയവായി എന്നെ അതിൽ നിന്നും ഒഴിവാക്കി പഴയതുപോലെ തന്നെ സുവിശേഷവേല ചെയ്യാൻ എന്നെ അനുവദിയ്ക്കണമെന്നും ബിഷപ്പിനോട് കരഞ്ഞു പറഞ്ഞു. അപ്പോഴും ഇതേ ബിഷപ്പ് തന്നെയാണ് വീണ്ടും കോളേജ് പണി തുടരാൻ ഉത്സാഹപ്പെടുത്തി അദ്ദേഹത്തിന്റെ യഥാർത്ഥ ദൈവവേലയെ നശിപ്പിച്ചത്. മദ്രാസിൽ പാസ്റ്റർ സുന്ദരം എന്ന ദൈവദാസൻ ഉണ്ടായിരുന്നു. അദ്ദേഹം സഹോദരൻ ദിനകരന്റെ വീട്ടിലേയ്ക്ക് ചെന്ന് സഹോദരാ മകളുടെ മരണം ദൈവം നിങ്ങൾക്ക് അയച്ച മുന്നറിയിപ്പാണ്. ദൈവവേലയിൽ നിന്നും നിങ്ങൾ വഴിമാറിപോയി. നിങ്ങളുടെ ഓമന മകൾ മരിച്ചത് നിങ്ങളുടെ വഴി ശരിയാക്കാൻ വേണ്ടിയാണ്. എന്ന് പറഞ്ഞ് പ്രാർത്ഥിച്ച് മടങ്ങി വന്നു. ഞാൻ ആ പാസ്റ്ററെ നേരിട്ടു കണ്ടു സംസാരിച്ചപ്പോൾ പാസ്റ്റർ എന്നോടു പറഞ്ഞത് ഞാൻ പറയേണ്ട മുന്നറയിപ്പുകളെല്ലാം പറഞ്ഞുകഴിഞ്ഞു. എന്റെ ചുമതല തീർന്നു. ഡോക്ടർ ഒരു കാര്യത്തെ മനസ്സിലാക്കണം ഒരു ദൈവവേലക്കാരൻ പണത്തിന്റെ, പുകഴ്ചയുടെ, പിന്നാലെ കടന്നുചെന്ന് വളരെ ഉയരത്തിൽ എത്തി കഴിഞ്ഞാൽ അദ്ദേഹത്തെ താഴെ ഇറക്കുന്നത് വളരെ പ്രയാസമാണ്. അദ്ദേഹം തന്നെ തെറ്റുകളുണർന്ന് ഇറങ്ങാൻ ശ്രമിച്ചാലും ഇറങ്ങാൻ സാധിക്കില്ല. ആ പ്രായമുള്ള ദൈവദാസൻ പറഞ്ഞത് വളരെ സത്യമാണ്. ഇന്ന് പല ദൈവവേലക്കാരുടെ ദൈവവേലകൾ വ്യാപാരമായി മാറിയിരിക്കുകയാണ്.

## DGS ദിനകരന്റെ രണ്ടാമത്തെ വ്യാജം

കാരുണ്യ യൂണിവേഴ്സിറ്റി പണിയാൻ കൂടുതൽ പണം ആവശ്യമുണ്ടായി. അതിന് വേണ്ടി അദ്ദേഹം തിരഞ്ഞെടുത്ത പദ്ധതിയാണ് ബാലജന പദ്ധതി. ഇതും ദൈവം എന്നോട് പ്രത്യേകമായി പറഞ്ഞെന്നാണ് അദ്ദേഹം പരസ്യപ്പെടുത്തിയത്. കുടുംബത്തിൽ എത്ര കുട്ടികൾ ഉണ്ടോ അവർ തലയ്ക്ക് 2000 രൂപ കൊടുത്താൽ ഈ ദൈവം അറിയിച്ച പദ്ധതിയിൽ പങ്കാളിയായി മാറാം. ആ കുഞ്ഞുങ്ങൾക്ക് രോഗം വരില്ല. പഠിപ്പിൽ മുന്നേറാൻ കഴിയും. എന്ന് അദ്ദേഹം പറഞ്ഞു. നമ്മുടെ ക്രിസ്തീയ ജനങ്ങൾ ധാരാളം പേർ മണ്ടന്മാരാണ്. ഒരു ദൈവവേലക്കാരൻ പറഞ്ഞാൽ അത് സത്യമാണോ അല്ലയോ എന്ന് വചനത്തോട് താരതമ്യം ചെയ്തു നോക്കുന്നില്ല. അവൻ എത്ര കള്ളം പറഞ്ഞാലും അതുപോലെ വിശ്വസിക്കും.

എങ്ങനെയോ കുഞ്ഞുങ്ങൾ അനുഗ്രഹം പ്രാപിച്ചാൽ മതി എന്ന് അദ്ദേഹം പറയുന്നതുപോലെ വിശ്വസിച്ച് ജനങ്ങൾ പണം അയയ്ക്കാൻ ആരംഭിച്ചു. ഈ വിഷയത്തെയാണ് ഞാൻ ജാമക്കാരനിൽ എഴുതിയത് സഹോദരൻ ദിനകരൻ കള്ളം പറഞ്ഞു. കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാൻ പണം വാങ്ങാൻ ദൈവം ഒരിക്കലും പറയില്ല. പ്രാർത്ഥനയെ വില്പന ചെയ്യുന്നതു പോലെയാണ് ഈ പദ്ധതി. പണം അയയ്ക്കാൻ സാധിക്കാത്ത മക്കൾക്കു വേണ്ടി ആർ പ്രാർത്ഥിക്കും. അതുകൊണ്ട് സഹോദരൻ അറിയിച്ച ഈ അറിയിപ്പ് ആരും വിശ്വസിക്കരുതെന്ന് ഞാൻ എഴുതി. ഇങ്ങനെ എഴുതിയതുകൊണ്ട് ധാരാളം പേർ എന്നെ വെറുത്തു. ഇത്രവലിയ ദൈവദാസനെ തെറ്റുകൾ ചൂണ്ടി കാണിച്ച് അപമാനപ്പെടുത്തിയല്ലോ എന്ന് എന്നോടവർ ദേഷ്യപ്പെട്ടു.

ജാമക്കാരൻ എന്നുള്ള പേരിൽ മാസിക തുടങ്ങിയ ശേഷം ആദ്യമായി ഒരു ദൈവവേലക്കാരന്റെ തെറ്റുകളെ ചൂണ്ടികാണിച്ച് എഴുതിയത് ഇദ്ദേഹത്തെകുറിച്ചാണ്. അതുവരെ ഒരു ദൈവവേലക്കാരനെയോ,

ബിഷപ്പിനെ കുറിച്ചോ, തെറ്റുകളെയോ, പാപങ്ങളേയോ ചൂണ്ടികാണിച്ച് ഞാൻ എഴുതിയിട്ടില്ല. ദൈവം എന്റെ മാസികയ്ക്ക് ജാമക്കാരൻ (കാവൽക്കാരൻ) എന്നുള്ള പേർ നൽകിയത്തിന്റെ കാരണം ഈ സംഭവത്തിൽ നിന്നുമാണ് ഞാൻ മനസ്സിലാക്കിയത്.

## വിഗ്രഹ സാമഗ്രികൾ സംഭാവനയായി കൊടുത്ത സാക്ഷ്യമില്ലാത്ത സംഭവം

കാരുണ്യാ യൂണിവേഴ്സിറ്റിയെ ഡീമ്ഡ് (Deemed) യൂണിവേഴ്സിറ്റി യായി മാറ്റുവാൻ ഹിന്ദുമത മഠാധിപതി കാഞ്ചീപുരം ശങ്കരാചാര്യരെ തന്റെ മകനോടുകൂടെ അവിടെ ചെന്ന് അദ്ദേഹത്തിന്റെ അടുക്കൽ നിന്ന് അനുഗ്രഹം വാങ്ങി. അദ്ദേഹത്തിന് സമ്മാനമായി പൂജാസാധനങ്ങൾ അടങ്ങിയ വെള്ളി പ്പെട്ടി നല്കി. ഗവൺമെന്റിൽ നിന്നും ശുപാർശ ലഭിക്കാൻ വേണ്ടിയാണ് ഈക്കാര്യം ചെയ്തത്. ഈ വിഷയത്തെക്കുറിച്ചും ഫോട്ടോ സഹിതം വളരെ വ്യക്തമായി ജാമക്കാരനിൽ ഞാൻ എഴുതിയിരുന്നു.

ഇത്രവലിയ സാക്ഷി നഷ്ടപ്പെടുത്തിയ സംഭവങ്ങൾ ദൈവത്താൽ തിര ഞ്ഞെടുക്കപ്പെട്ട നല്ല ദൈവദാസനായ Dr. DGS ദിനകരന്റെ ജീവിതത്തിൽ വന്നതിന്റെ പ്രധാനകാരണം യോനയെ പോലെ കർത്താവ് പറഞ്ഞ ദൈവവേല ചെയ്യാതെ വേറെ സ്ഥലത്തേയ്ക്ക് യാത്ര ചെയ്തതു കൊണ്ടാണ്. അവൻ യാത്ര ചെയ്ത കപ്പൽ തിരമാലയിലും, കൊടുംകാറ്റിലും അകപ്പെട്ടു. അതിൽ യാത്ര ചെയ്ത വ്യാപാരികൾ വ്യാപാരത്തിന് കൊണ്ടുപോയ വിലകൂടിയ സാധനങ്ങളെല്ലാം കടലിൽ എറിയേണ്ടിവന്നു. യോന മുഖാന്തരം ആ കപ്പലിൽ ഉണ്ടായിരുന്ന യാത്രക്കാരും വലഞ്ഞുപോയി. അതുപോലെ സഹോദരൻ ദിനകരൻ തന്റെ ദൈവവിളി മനസ്സിലാക്കാതെ ദൈവവേലയെ വ്യപാര വേലയായി മാറ്റി. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ഓമന മകളും ഡ്രൈവറും മരിച്ചുപോകുകയും ദിനകരന്റെ ഭാര്യയുടെ കഴുത്ത് എല്ലുമുറിഞ്ഞ്, സഹോ:ദിനകരന്റെ ശരീരത്തിന്റെ എല്ലുകൾ മുറിഞ്ഞു അപകടത്തിൽ ആയത്.

ഈ അപകടം മുഖാന്തരം ദൈവം സഹോദരൻ അവർകളോട് സംസാരിച്ചു നോക്കി അപ്പോഴും തന്റെ തെറ്റിനെ അദ്ദേഹം സമ്മതിച്ചില്ല. അതിന്റെ ശേഷവും സഹോദരൻ ദിനകരന് വീണ്ടും പല ശിക്ഷകൾ കൊടുത്തു. ഹൃദയ ഓപ്പറേനുവേണ്ടി രണ്ട് പ്രവശ്യം അമേരിക്കയിൽ പോയി രക്ഷപ്പെട്ട് ജീവനോടെ ഇന്ത്യയിലേയ്ക്ക് മടങ്ങിവരാൻ ഇടയായി. എന്നിട്ടും തന്റെ തെറ്റായ പദ്ധതിയെ തിരുത്താൻ സഹോദരൻ ശ്രമിച്ചില്ല. അതിന്റെ ശേഷം ദൈവം അദ്ദേഹത്തിന് കൊടുത്ത അടി കുറച്ച് കഠിനമായിരുന്നു. രണ്ട് കിഡ്നിയുടേയും പ്രവർത്തനം നിലച്ചുപോയി. കിഡ്നിയെ മാറ്റാൻ രണ്ട് പ്രാവശ്യം അമേരിക്കയിൽ പോയി. രണ്ട് പേരുടെ കിഡ്നികൾ പല ലക്ഷങ്ങൾ കൊടുത്ത് വിലക്ക് വാങ്ങി. ആ കിഡ്നികൾ രണ്ടും സഹോദരൻ ദിനകരന്റെ ശരീരത്തിന് യോജിച്ചതല്ലായിരുന്നു. ഒരു ഘട്ടത്തിൽ മരണത്തിന്റെ വാതിൽ വരെ വന്നെത്തി. മാസങ്ങളോളം ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ഇനി സഹോദരൻ ദിനകരൻ ജീവിക്കില്ല എന്ന് ഡോക്ടർമാർ പറഞ്ഞു. ഈ വിവരം അറിഞ്ഞ മകൻ പോൾദിനകരൻ വളരെ ജ്ഞാനത്തോടെ പല ഡോക്യൂമെന്റുകളിൽ വാങ്ങേണ്ട കൈയ്യൊപ്പുകളെല്ലാം വാങ്ങി കഴിഞ്ഞിരുന്നു. ഒരു ദിവസം അദ്ദേഹം ആശുപത്രിയിൽ വച്ച് തന്നെ മരണമടഞ്ഞു. മരിച്ച വിവരം നാട്ടിലുള്ള ആരേയും അറിയിച്ചില്ല. ചില ഗവൺമെന്റ് അധികാരികൾ അദ്ദേഹം ജീവനോടെ ഇരിക്കുന്നുവെന്ന് അറിയാൻ വേണ്ടി അദ്ദേത്തിനെ വെന്റിലേറ്ററിൽ വച്ചു. അധികാരികൾ ആശുപത്രിയിൽ വന്ന് ICU- വിൽ കണ്ണാടി വഴി സഹോ: ദിനകരനെ കണ്ടു. അതിന്റെ ശേഷമാണ് എല്ലാ ഡോക്യുമെന്റിലും ജീവനോടിരിക്കുമ്പോൾ തന്നെ ഒപ്പുവാങ്ങി എന്ന് ഉറപ്പാക്കി അവരെല്ലാവരും മടങ്ങിപ്പോയത്. രഹസ്യമായ ഈ ഏർപ്പാടിനെ അവിടെ ജോലിചെയ്യുന്ന ക്രിസ്തീയ നഴ്സുമാർ പറഞ്ഞതായി ചെന്നൈയിലുള്ള ഡോക്ടർമാർ അറിയിച്ചു. അതിന് ശേഷം മൂന്നാം ദിവസം അദ്ദേഹത്തിന്റെ മരണവിവരം പത്രത്തിലും, ടിവിയിലും പരസ്യപ്പെടുത്തി.

മുഖ്യമായ ഡോക്യുമെന്റ് മാറ്റിയത് വളരെ സാമർത്ഥ്യമായി മകൻ നിറവേറ്റി.

## പിതാവ് DGS ദിനകരൻ മരിച്ചു. മകൻ പോൾദിനകരൻ അകപ്പെട്ടു

- 2021 ജനുവരി മാസം ഇന്ത്യമുഴുവനുമുള്ള കാരുണ്യാ യൂണിവേഴ്സിറ്റി ഉൾപ്പടെ പോൾ ദിനകരന്റെ സ്ഥാപനങ്ങൾ 28 സ്ഥലങ്ങളിൽ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് റെയ്ഡ് നടത്തി. കാരുണ്യാ യൂണിവേഴ്സിറ്റിയുടെ ഗസ്റ്റ്ഹൗസിൽ നിന്നും 125 കോടി പണം പിടിച്ചെടുത്തു. ഈ വിവരങ്ങൾ പിടിക്കപ്പെട്ട ഒരോ സ്ഥലത്തിന്റെ ഫോട്ടോ സഹിതം പത്രത്തിലും ടിവിയിലും പരസ്യപ്പെടുത്തി. രോഗശാന്തി യോഗങ്ങളിലും യേശുവിളിക്കുന്നു വേലയ്ക്കുവേണ്ടിയും ജനങ്ങൾ കൊടുത്ത പണം മുഴുവനും വീണ്ടും വിദേശങ്ങളിൽ വ്യാപാരം ചെയ്യാൻ ഉപയോഗിച്ചു. അതിന്റെ രേഖകൾ എല്ലാം ഇൻകംടാക്സുകാരുടെ കൈയ്യിൽ അകപ്പെട്ടു എന്ന് പത്രവാർത്തകൾ പറയുന്നു. ഇപ്പോൾ ഡോ.പോൾദിനകരന് യേശു വിളിക്കുന്നു എന്ന ട്രസ്റ്റിന്റെ പേരിലും, തന്റെ സ്വന്തപേരിലും, ഭാര്യയുടെ പേരിലും, മക്കളുടെ പേരിലും, ഏകദേശം 200 ബാങ്കുകളിൽ അക്കൗണ്ട് കണ്ടുപിടിച്ചു എന്ന് പത്രവാർത്ത പറയുമ്പോൾ നമുക്ക് ഊഹിക്കാൻ പല വിഷയങ്ങളും ഉണ്ട്.

- ഇന്ത്യയിൽ 28 സ്ഥലങ്ങളിൽ റെയ്ഡ് നടത്തിയപ്പോൾ തുറക്കാൻ സാധിക്കാത്ത മുറികളും, ലോക്കറുകളും ഉണ്ടായിരുന്നു എന്ന് അറിയുന്നു. പോൾ ദിനകരന്റെ കുടുംബം ഇപ്പോൾ ഇന്ത്യയിലില്ല. കാനഡയിൽ വലിയ ബംഗ്ലാവ് വാങ്ങി മൂന്നു വർഷമായി അവർ അവിടെയാണ് താമസിക്കുന്നത്. അദ്ദേഹത്തെ വിചാരണ ചെയ്യാൻ ഇന്ത്യൻ ഗവൺമെന്റ് കാനഡ ദേശത്തേയ്ക്ക് സമ്മൻസ് അയച്ചിരിക്കുന്നു.

- ഇന്ത്യയിൽ തന്നെ ഇത്ര കോടികൾ അകപ്പെട്ടെങ്കിൽ വിദേശത്ത് യെരുശലേം ഉൾപ്പെടെയുള്ള 8 രാജ്യങ്ങളിൽ പണിതിട്ടുള്ള പ്രാർത്ഥനാ ഗോപുരങ്ങളിൽ റെയ്ഡ് നടത്തിയാൽ ബില്ല്യൻ കണക്കിന് പണവും സ്വർണ്ണകട്ടിയും അകപ്പെടും എന്ന് പറയപ്പെടുന്നു.

## യേശുവിളിക്കുന്നു എന്ന ദൈവവേലയിൽ പലരഹസ്യങ്ങളും, ചോദ്യങ്ങളും ഉണ്ട്

1. കാനഡാ ദേശത്തിൽ താമസിക്കാൻ സ്വന്തം ബംഗ്ലാവ് വാങ്ങിയത് എന്തിനാണ്.?
2. ഇന്ത്യയിൽ ചെന്നൈയിലും, കോയമ്പത്തൂരും ഇവർക്ക് ധാരാളം ബംഗ്ലാവ് ഉണ്ടല്ലോ! അതുമാത്രമല്ല ഇന്ത്യയിൽ തന്നെ ധാരാളം ദൈവ വേലകൾ ഇദ്ദേഹത്തിനുണ്ട് അങ്ങനെയിരിക്കെ കാനഡാ ദേശത്തിന്റെ പ്രജയാകാൻ ഇദ്ദേഹം എന്തിന് ശ്രമിക്കണം?
3. പോൾ ദിനകരന്റെ മൂത്ത മകളെ എന്തിനാണ് കാനഡയിൽ താമസിക്കാൻ ഏർപ്പാട് ചെയ്തത്
4. ദൈവവേലയ്ക്കായി ജനങ്ങൾ അയച്ചുകൊടുത്ത പണത്തെ സ്വർണ്ണകട്ടികളാക്കി മാറ്റാനുള്ള കാരണം എന്താണ്.?
5. വിദേശത്ത് 8 ഇടങ്ങളിലായുള്ള പ്രാർത്ഥനാ ഗോപുരങ്ങളിലും അതോടനുബന്ധിച്ചിട്ടുള്ള കെട്ടിടങ്ങളിലും റെയ്ഡ് നടത്തപ്പെട്ടിട്ടില്ല.

യെരുശലേമിൽ പണിഞ്ഞിരിക്കുന്ന പ്രാർത്ഥനാഗോപുരത്തിൽ 27 നില കെട്ടിടത്തിൽ ഒരു മുറി മാത്രമാണ് പ്രാർത്ഥനാ ഗോപുരമായി അറിയപ്പെടുന്നത്. മറ്റ് മുറികൾ എല്ലാം വലിയ വലിയ വിദേശ കമ്പനികൾക്ക് വാടകയ്ക്ക് വിട്ടിരിക്കുകയാണ്. അതിൽ ഒരു നില ഇന്റർനാഷണൽ റസ്റ്റോറന്റാണ്. അവിടെ സകല ദേശത്തിന്റെയും ആഹാരം കിട്ടും. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം മില്ല്യൻ കണക്കല്ല ബില്ല്യൻ കണക്കിലാണ് വരുന്നത്. കോടിക്ക് എത്ര പൂജ്യം മില്ല്യന് എത്ര പൂജ്യം ബില്ല്യന് എത്ര പൂജ്യം എന്ന് ചോദിച്ചാൽ സാധാരണ ജനങ്ങൾക്ക് ആർക്കും അറിയില്ല. ഇത് കേൾക്കുമ്പോൾ തന്നെ തല കറങ്ങുന്നുണ്ട്. ഇത്ര വരുമാനത്തിനും കണക്കെവിടെ? ഈ വരുമാനത്തിൽ നിന്നും വരുന്ന ലാഭത്തെ ഇവർ എന്താണ് ചെയ്യുന്നത്?

യേശുവിളിക്കുന്നു എന്ന ദൈവവേലയ്ക്ക് വേണ്ടി പണം കൊടുത്ത ജനങ്ങളോട് ഇവർ കാണിച്ചത് വലിയ വഞ്ചനയല്ലേ!

- സൗത്ത് കൊറിയയിൽ 10ലക്ഷം അംഗങ്ങളുള്ള സഭയുടെ പാസ്റ്റർ ഡോ.പോൾ യോങ്ങ്ഗിച്ചോ ആണ്. ഓരോ ആഴ്ചയിലും ജനങ്ങൾ സഭയിൽ ഇടുന്ന പണത്തെ ബാങ്കിൽ ഇടുന്നതിനു പകരം പോൾ യോങ്ങ്ഗിചോ ഷെയർമാർക്കറ്റിൽ ഇട്ടു. സഭാ ജനങ്ങൾ വിവരം അറിഞ്ഞ് ഗവൺമെന്റിന് അറിയിപ്പുകൊടുത്തു. ഉടൻ തന്നെ ഗവൺമെന്റ് പോൾ യോങ്ങ് ഗിചോ അവർകളെ ജയിലാക്കി.

ഈ വിവരങ്ങളെ നേരത്തെ ഞാൻ ജാമക്കാരനിൽ പരസ്യപ്പെടുത്തിയിരുന്നു. അതേ വഴിയിലാണ് ഡോ.പോൾ ദിനകരൻ യേശുവിളിക്കുന്നു എന്ന ദൈവവേലയ്ക്ക് വന്ന പണം വിദേശ വ്യാപാരത്തിന് അയച്ചതായി ജനുവരി മാസം 28,29 ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നു. ഇത് ദൈവവേലയ്ക്ക് പണം അയച്ച ജനങ്ങൾക്ക് പോൾ ദിനകരൻ കാണിച്ച വലിയ വഞ്ചനയാണ്.

യേശുക്രിസ്തു ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ നിങ്ങളുടെ ഗുരു കരം അടക്കുകയില്ലേ എന്ന് ചോദിച്ചപ്പോൾ ഉടൻ തന്നെ പത്രോസിനെ വിളിച്ച് മീനിന്റെ വായിൽ നിന്നും പണം എടുത്ത് തനിക്കും തൊഴിൽ ഉപേക്ഷിച്ച പത്രോസിനും കരം അടക്കാൻ കൊടുക്കാൻ പറഞ്ഞു. പിന്നെയും യേശുപറഞ്ഞത് കൈസർക്കുള്ളത്, കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കട്ടെ. ഗവൺമെന്റിന് അടയ്ക്കാനുള്ള കരം ദൈവപുത്രനും അടച്ചതായി കാണുന്നു. അതുപോലെ തന്നെ ഏത് ദൈവവേലയാണെങ്കിലും, മിഷനറി പ്രവർത്തനമായാലും ഗവൺമെന്റിന് തീർച്ചയായും കണക്ക് കാണിക്കണം. ഡോ. പുഷ്പരാജായ ഞാനും കഴിഞ്ഞ 47 വർഷങ്ങളായി എനിക്കു ദൈവവേലയ്ക്കായി വരുന്ന പണത്തെ ഓഡിറ്ററിന് സമർപ്പിച്ച് ദൈവത്തിന്റെ മുമ്പിലും മനുഷ്യരുടെ മുമ്പിലും കുറ്റമില്ലാത്ത സ്ഥിതിയിൽ ദൈവവേല ചെയ്യുന്നു. പക്ഷേ കേരളത്തിലും തമിഴ്നാട്ടിലും

ദൈവവേല ചെയ്യുന്ന വലിയ ദൈവവേലക്കാർ ക്രിസ്തീയ ടിവി പരിപാടികൾ നടത്തുന്ന ദൈവവേലക്കാർ തങ്ങൾക്ക് ജനങ്ങൾ ദൈവവേലയ്ക്കുവേണ്ടി അയക്കുന്ന പണത്തെ ബാങ്കിൽ അടയ്ക്കാതെ കുളിമുറിയിലും, രഹസ്യ സങ്കേതങ്ങളിലും, പണമായിട്ടും സ്വർണ്ണമായിട്ടും ഒളിച്ച് വച്ചിരിക്കുന്നത് ഗവൺമെന്റ് കണ്ടു പിടിച്ചിരിക്കുന്നു. ഇത് ക്രിസ്ത്യാനികൾക്ക് സാക്ഷ്യമില്ലാത്ത വിഷയമാണ്.

നേരത്തെ ഈ ലേഖനം ഞാൻ ആരംഭിക്കുമ്പോൾ തന്നെ ചോദ്യത്തിന് ഉത്തരമായി പോൾ ദിനകരൻ അകപ്പെട്ടതിന്റെ പ്രധാന കാരണം അദ്ദേഹത്തിന്റെ പിതാവായ സഹോ. DGS ദിനകരനാണെന്ന് എഴുതിയിരുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസിലായികാണും എന്ന് ഞാൻ വിശ്വസിക്കുന്നു. വ്യാപാരത്തിന് വേണ്ടിയാണ് മകനെ തയ്യാറാക്കിയത്. അതിന് വേണ്ടിയാണ് MBAയും ഡോക്ടർ പട്ടത്തെയും വാങ്ങാനുള്ള പഠിപ്പും മകന് കൊടുത്തത്. മകനെ ദൈവവേലയ്ക്ക് വേണ്ടി ഒരുക്കിയിരുന്നെങ്കിൽ അവനെ ബൈബിൾ പഠനത്തിന് വേണ്ടി അയച്ചിരുന്നിരിക്കണം.

സഹോദരൻ DGS ദിനകരന്റെ ദൈവവേലയുടെ ആരംഭം വളരെ സത്യസന്ധമായിരുന്നു. തന്റെ ഒരേ ഒരു മകനുവേണ്ടി ദൈവവിളിമറന്ന് കോളേജ് തുടങ്ങിയതുകൊണ്ടല്ലേ സാക്ഷ്യം നഷ്ടപ്പെട്ടത്. പൗലോസ് അപ്പോസ്തലൻ ഗലാത്യലേഖനത്തിൽ പറയുന്നു. ആത്മാവിൽ ആരംഭിച്ച് നിങ്ങൾ ജഡത്തിൽ അവസാനിപ്പിക്കുന്നുവോ? അതുപോലെയാണ് സഹോ. ദിനകരൻ അവർകളുടെ ദൈവവേലയും.

ഒരു കള്ളം പറഞ്ഞപ്പോൾ അതിനെ മൂടിവയ്ക്കാൻ വീണ്ടും ഒരു കള്ളം പറയേണ്ടിവന്നു. സഹോ.ദിനകരൻ ആരംഭിച്ച ദൈവവേലയിൽ പ്രാർത്ഥനയിൽ പേർവിളിക്കുന്നത് അദ്ദേഹത്തിന്റെ മകൻ മുതൽ വേറേയും പല ദൈവവേലക്കാർ പ്രാർഥനയിൽ പേർ വിളിയ്ക്കാൻ തുടങ്ങി. കേരളത്തിൽ ഡിവൈൻ ഹീലിങ്ങ് പ്രാർത്ഥനായോഗം നടത്തുന്നവർ Goodnes ടിവി പരിപാടികളിലും അച്ചന്മാർ പ്രാർത്ഥനയിൽ പേർ വിളിക്കിന്നത് നിങ്ങൾക്ക്

കാണാൻ സാധിക്കും. മറ്റു മലയാളത്തിലുള്ള മൂന്നു ടിവി ചാനലുകളിലും പല ദൈവവേലക്കാർ ഈ വ്യാജ ഉപദേശത്തിൽ ആകർഷിക്കപ്പെട്ട് വ്യാജമായി പേർ വിളിക്കുന്നു. രോഗത്തിന്റെ പേർ വിളിച്ചു പറയുന്നു. കള്ളത്തരത്തിന്റെ അപ്പൻ എന്നു പറയുന്ന പിശാചിന്റെ വഞ്ചനയിൽ ഇവരെല്ലാം അകപ്പെട്ടുപോയി. ജനങ്ങളും അതിനെ ഇഷ്ടപ്പെടുന്നു. ജനങ്ങളുടെ ബലഹീനതയെ ഇവർ മനസ്സിലാക്കി ദൈവവേല എന്ന പേരിൽ ഈ വ്യാജ പ്രവർത്തികളെ തുടർന്നുകൊണ്ടിരിക്കുന്നു.

ഇപ്പോൾ വായനക്കാർക്ക് മനസ്സിലായിട്ടുണ്ടാവും ഇത്ര വലിയ പ്രശ്നങ്ങൾക്കും പ്രധാനകാരണം DGS ദിനകരൻ ആണെന്ന് പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടോ?

- പ്രാർത്ഥന യോഗങ്ങളിൽ തമിഴ്നാട്ടിലും, കേരളത്തിലും സഹോ.ദിനകരന്റെ ആരാധകർ കരഞ്ഞു പ്രാർത്ഥിക്കുന്നതായി ഞാൻ അറിഞ്ഞു. കർത്താവേ ഡോ.പോൾ ദിനകരനെ ജയിലേയ്ക്ക് അയക്കരുതേ.. എന്ന് ഉപവസിച്ച് പ്രാർത്ഥിക്കുന്നതായി ഞാൻ കേട്ടു.

- **ജാമക്കാരൻ കുറിപ്പ് :-**

ഡോ.പോൾദിനകരൻ ജയിലിലേയ്ക്ക് പോകാൻ പാടില്ല എന്ന് കരയുന്നതിനെക്കാൾ ഈ കഠിനമായ സാഹചര്യത്തിൽ പോൾദിനകരനും കുടുംബവും മാനസാന്തരപ്പെടണം എന്നാണ് പ്രാർത്ഥിക്കേണ്ടത്. അവരെ വെറുക്കരുത്, വീണ്ടും അവർ ദൈവവേല തുടരണം ഇതാണ് ദൈവത്തിന്റെ ആഗ്രഹം. ഒരാൾപോലും നശിച്ചു പോകുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. അവർ മാനസാന്തരപ്പെട്ട് ജീവിക്കുന്നതാണ് ദൈവഇഷ്ടം പോൾദിനകരനും കുടുംബവും തന്റെ ആഢംബര ജീവിതത്തിൽ നിന്ന് മാറി താഴ്മയുള്ള ജീവിത്തിലേയ്ക്ക് മാറണം. മക്കളും ആഢംബരമായി ജീവിക്കാത്തെ സാക്ഷ്യമുള്ള വസ്ത്രം ധരിച്ച് സാക്ഷിയായി ജീവിയ്ക്കണം.

ഒരു ക്രിസ്തീയ വിശ്വാസി തന്റെ വരുമാനത്തിന് തക്കതായി സകല ജീവിത സൗകര്യത്തോടും ജീവിക്കുന്നത് തെറ്റല്ല. പക്ഷേ ആഢംബരമായി ജീവിക്കാൻ പാടില്ല. പൗലോസ് അപ്പോസ്തലൻ പറയുന്നു. സകലവും ചെയ്യാൻ എനിയ്ക്ക് കർത്തവ്യമുണ്ട് എങ്കിലും സകലതും പ്രയോജനമുള്ളതല്ല. സകലത്തിലും എനിക്ക് കർത്തവ്യമുണ്ട് എങ്കിലും സകലവും ആത്മീയ വർദ്ധന വരുത്തുന്നില്ല. (1കൊരി:10:23).

- ഇന്ത്യയിൽ ക്രിസ്ത്യാനികളുടെ ഇടയിൽ കർത്താവിന്റെ വേല ചെയ്യുന്ന സുവിശേഷകാരന്മാരിൽ ഡോ.പോൾദിനകരനാണ് മൂന്നാമത്തെ പണക്കാരൻ എന്ന് പത്രത്തിൽ വാർത്ത വന്നു. പണക്കാരെ ദൈവം വെറുക്കുന്നില്ല. പക്ഷേ അവർക്ക് ലഭിച്ച പണത്തെ ഏതുവഴിയിൽ ചെലവു ചെയ്യുന്നു എന്നതാണ് ദൈവം നോക്കുന്നത്. ധനവാൻ ദൈവ രാജ്യത്തിൽ പ്രവേശിക്കുന്നത് പ്രയാസം പക്ഷേ ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നില്ല എന്ന് ഒരിക്കലും ദൈവം പറയുന്നില്ല. യേശുക്രിസ്തു ധനവാന്മാരെയും സ്നേഹിക്കുന്നു. ലൂക്കോ:8:3ൽ തങ്ങളുടെ ആസ്തികളാൽ ശുശ്രൂഷ ചെയ്ത ധാരാളം സ്ത്രീകൾ യേശുക്രിസ്തുവിനോട് കൂടെ ഉണ്ടായിരുന്നു. പഴയ നിയമകാലത്ത് അന്നത്തെ ലോകത്ത് ഏറ്റവും ധനികനായ വ്യക്തി അബ്രഹാമാണ്. അതേ പോലെ തന്നെ ശലോമോനും വലിയ ധനവാൻ ആയിരുന്നു. യേശുക്രിസ്തു മരിച്ചശേഷം തനിക്കുവേണ്ടി ഒരുക്കിയ കല്ലറയെ കൊടുത്ത യോസേഫ് വലിയ പണക്കാരൻ ആയിരുന്നു. അപ്പോൾ വായനക്കാർ അറിയേണ്ടത് പണം വർദ്ധിച്ചാൽ സ്വഭാവങ്ങൾ മാറും. ശലോമോന് പണം ധാരാളം വർദ്ധിച്ചു. സ്ത്രീമോഹം കൂടിപോയി. അവൻ അന്യജാതിയിലുള്ള സ്ത്രീകളെ വിവാഹം ചെയ്തു. അവരുടെ വിഗ്രഹ ദൈവങ്ങൾക്ക് ക്ഷേത്രവും പണിതുകൊടുത്തു. സദൃശ്യവാക്യങ്ങൾ എഴുതി സഭാപ്രസംഗി. പുസ്തകം എഴുതി ഉത്തമഗീതം എന്ന പ്രവചന പുസ്തകം എഴുതി എന്നാലും അവന്റെ മരണം നല്ല മരണമല്ല. സ്വർഗ്ഗീയ

അവകാശം അവൻ നഷ്ടപ്പെടുത്തി. ആവർത്തനം:17:17–ൽ ദാവീദിനോട് കർത്താവ് കല്പിച്ചു നിനക്ക് വേണ്ടി ധാരാളം ഉണ്ടാക്കേണ്ട. വെള്ളിയും പൊന്നും നീ ധാരളം ചേർത്തു വയ്ക്കരുത് എന്ന് പറഞ്ഞു. ദാവീദ് ദൈവത്തിന്റെ ഹൃദയത്തിന് ഏറ്റവും ഇഷ്ടപ്പെട്ട വ്യക്തിയാണ്. പക്ഷേ 2 ശാമു. 5:13–ൽ ദാവീദ് യഹൂദായിൽ നിന്ന് യെരുശലേം വന്നതിന് ശേഷം ധാരാളം വെപ്പാട്ടികളേയും, പൊന്നും വെള്ളിയും ചേർത്തു വച്ചു. യഹൂദാദേശത്ത് ദാവീദുണ്ടായിരുന്നപ്പോൾ ഒരു ഗോത്രത്തിന് മാത്രമാണ് അവൻ രാജാവായിരുന്നത്. പക്ഷേ യെരുശലേമിൽ എത്തിയ ശേഷം 12 ഗോത്രത്തിന് ചക്രവർത്തിയായി ദൈവം അവനെ ഉയർത്തി. അവിടെയാണ് ദാവീദ് ദൈവം അവന് കൊടുത്ത ആലോചനയെ നിസ്സാരമാക്കിയത്. പദവിയും പണവും വന്നതിന് ശേഷം ദാവീദിന്റെ സ്വഭാവവും മാറിപോയി. ആരും ചെയ്യാൻ ധൈര്യപ്പെടാത്ത വലിയ പാപം അവൻ ചെയ്തു. പുതുതായി കല്യാണം കഴിച്ച രാജഭക്തിയുള്ള ഊരിയാവിനെ കൊന്ന് നിയമപ്രകാരം അവന്റെ ഭാര്യയെ തന്റെ ഭാര്യയാക്കി. അത് അവൻ ന്യായീകരിച്ചു. ദൈവം ഉടൻ തന്നെ ശിക്ഷ നല്കി. അവൻ വളരെ അധികം സ്നേഹിച്ച കുഞ്ഞിനെ ദൈവം എടുത്തു. പത്ത് ദിവസം അവൻ പട്ടിണി കിടന്ന് ആ കുഞ്ഞിന് വേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. എന്നാൽ ദൈവം ആ കുഞ്ഞിനെ സൗഖ്യമാക്കിയില്ല. ആ കുഞ്ഞ് മരിച്ചുപോയി. ദാവീദ് തന്റെ തെറ്റ് സമ്മതിച്ചു. ദൈവത്തോട് മാപ്പ് ചോദിച്ചു. അതിന്റെ ശേഷം എഴുതിയതാണ് 51–ാം സങ്കീർത്തനം. അതിനുശേഷം മരണംവരെ അവൻ ദൈവ പൈതലായി തന്നെ ജീവിച്ചു മരിച്ചു. ഇതുവായിക്കുന്ന വായനക്കാർ മനസ്സിലാക്കേണ്ടത് പണം നിങ്ങൾക്ക് വർദ്ധിക്കുമ്പോൾ വളരെ സൂക്ഷിക്കണം. പണം വർദ്ധിച്ചാൽ ബൈബിൾ വായിക്കാൻ തോന്നുകയില്ല കരഞ്ഞു പ്രാർത്ഥിയ്ക്കാൻ കഴിയില്ല. പ്രാർത്ഥനയിൽ ഏകാന്തത ലഭിക്കില്ല. **ഇത് ജാമക്കാരന്റെ ഒരു മുന്നറിയിപ്പാകുന്നു**. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## റിപ്പബ്ലിക്ക് ദിന ആശംസകൾ





1947–ാം വർഷം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും നിയമങ്ങൾ പ്രാബല്യത്തിൽ വന്നിരുന്നില്ല. അതുകൊണ്ട് 1950–ാം വർഷം ഇന്ത്യാ ദേശത്തിന്റെ ഭരണ നിയമം ഡോക്ടർ അംബേദ്കർ പോലുള്ള നിയമവിദഗ്ദ്ധരെല്ലാം ചേർന്ന് ഉണ്ടാക്കിയ നിയമങ്ങൾ പരിചയപ്പെടുത്തിയശേഷം പ്രസിഡന്റ്, പ്രധാനമന്ത്രി തുടങ്ങിയ പദവി കൾക്ക് ആളുകൾ തിരഞ്ഞെടുക്കപ്പെട്ടു. അതിന് ശേഷമാണ് ഇന്ത്യ ഗവൺമെന്റ് രൂപീകരിക്കപ്പെട്ടത്. അതിന്റെ ആരംഭദിവസമായി ജനുവരി 26–ാം തീയതി റിപ്പബ്ലിക്ക് ഡേയായി ആഘോഷിക്കപ്പെടുന്നു. ജനങ്ങൾ കാശ്മീരിൽ നിന്നും – കന്യാകുമാരി വരെ പല ആയിരക്കണക്കിന് വ്യത്യസ്തമായ ഭാഷകൾ സംസാരിക്കുന്നവരാണ്. പല മതങ്ങളിലും, വർഗ്ഗങ്ങളിലുമുള്ള ജനങ്ങൾ ഒരുമിച്ച് പോരാടി ജീവത്യാഗം ചെയ്തും ജയിൽ ശിക്ഷ അനുഭവിച്ചും വാങ്ങി തന്ന സ്വതന്ത്ര്യ ഇന്ത്യയെ ഇന്ത്യയിലുള്ള ജനങ്ങളെക്കൊണ്ടുതന്നെ ഭരിക്കാൻ ലഭിച്ച ഈ സന്തോഷ ദിവസത്തെ റിപ്പബ്ലിക്ക് ദിനമായി ആഘോഷിക്കുന്ന ഇന്ത്യൻ ജനതയെ ജാമക്കാരൻ വായനക്കാരുടെ പേരിൽ ഞാൻ ആശംസകൾ അറിയിക്കുന്നു. ഇന്ത്യ ഭരിക്കുന്നവർക്കും ആശംസകൾ അറിയിക്കുന്നു.

- Dr. Pushparaj

**JANUARY- 2021**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.